# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 397 15-05-2017 ൽ മറുപടിക്ക്

## അധിക വൈദഗ്ദ്ധ്യം ആർജ്ജിക്കൽ പദ്ധതി

**ചോദ്യം**

ശ്രീ. വി.ജോയി
" കെ.ദാസൻ
" ജെയിംസ് മാത്യു
" കെ.കെ. രാമചന്ദ്രൻ നായർ

**ഉത്തരം**

പ്രൊഫ.സി.രവീന്ദ്രനാഥ്
( വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അധിക വൈദഗ്ദ്ധ്യം ആർജ്ജിക്കൽ പദ്ധതിയെ (അസാപ്)ക്കുറിച്ച് അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | അസാപ്പ് തന്നെ വാർഷിക അവലോകനം നടത്താറുണ്ട്. ഈ അവലോകനങ്ങൾ വാർഷിക റിപ്പോർട്ടുകളായി പ്രസിദ്ധീകരിക്കാറുണ്ട്.<br>കൂടാതെ അസാപ് പരിശീലനം പൂർത്തിയാക്കിയ 6681 വിദ്യാർഥികളുടെ ഇടയിൽ ഒരു സ്വതന്ത്ര ഏജൻസി നടത്തിയ തൊഴിൽക്ഷമതാ പഠനത്തിൽ അസാപ് പരിശീലനം ലഭിച്ച വിദ്യാർത്ഥികൾക്ക്, പരിശീലനം സിദ്ധിക്കാത്ത വിദ്യാർഥികളെക്കാൾ ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം (English Comprehension) ദത്ത ശേഖരണവും അവലോകനവും (Information Gathering & Synthesis ക്വാണ്ടിറ്റേറ്റീവ് എബിലിറ്റി (quantitative Ability) വിഷയ മേഖലയിലുള്ള അഭിരുചി (Domain Aptitude) എന്നിവയിൽ മുന്നിട്ട് നിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഹയർസെക്കൻഡറി സ്കൂളുകളിലെയും ആർട്സ് & സയൻസ് കോളേജുകളിലെയും അസാപ് പരിശീലനം പൂർത്തിയാക്കിയ വിദ്യാർഥികളിൽ മികച്ച ആശയ വിനിമയ പാടവവും കമ്പ്യൂട്ടർ ഉപയോഗക്ഷമതയും കണ്ടുവരുന്നു. അസാപ്പ് കുട്ടികൾ 0-100 ശ്രേണിയിൽ 63 പോയന്റുകൾ നേടിയപ്പോൾ അസാപ്പിനു പുറത്തുള്ള കുട്ടികൾക്ക് 49 പോയന്റുകൾ മാത്രമേ നേടാനായിട്ടുള്ളൂ. |

| | | | |
|---|---|---|---|
| (ബി) | വ്യാവസായികവും തൊഴിൽ പരവുമായ കഴിവ് ആർജ്ജിക്കുന്നതിനായുള്ള ഈ പദ്ധതി വിദ്യാർത്ഥികളെ ഏതെല്ലാം മേഖലയിലാണ് പ്രാവീണ്യം നേടാൻ സഹായിക്കുന്നത്; ഈ പദ്ധതി പ്രകാരം വിവിധ കോഴ്സുകൾക്കായി വിദ്യാർത്ഥികളിൽ നിന്ന് ഫീസ് ഈടാക്കുന്നുണ്ടോ; സർക്കാർ നൽകുന്ന സഹായം എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | കോർ സ്കില്ലുകളായ ആശയ വിനിമയ ശേഷി, ജീവന നൈപുണ്യം (Life skill) വിവര സാങ്കേതിക വിദ്യ ഉപയോഗിക്കാനുള്ള ശേഷി എന്നിവ അസാപ്പിന്റെ കോഴ്സുകളിൽ ചേരുന്ന മുഴുവൻ കുട്ടികൾക്കും ലഭിക്കുന്നു. ഇതു കൂടാതെ കുട്ടികളുടെ അഭിരുചിക്കനുസരിച്ച് തിരഞ്ഞെടുക്കുന്ന അതത് തൊഴിൽ മേഖലകളുമായി ബന്ധപ്പെട്ടിട്ടുള്ള ശേഷികളിലും പ്രാവീണ്യം നേടാൻ സഹായിക്കുന്നു.<br>എല്ലാ കോഴ്സുകൾക്കും ഫീസ് ഉണ്ട്. ഈ ഫീസിൽ നിന്നും ബി.പി.എൽ., എസ്.ഇ.ബി.സി, ഭിന്നശേഷിയുള്ളവർ, എസ്.സി./എസ്. റ്റി ഓരോ ബാച്ചിലുമുള്ള ഇതര വിദ്യാർത്ഥികളിൽ നിന്നും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രണ്ടുപേർ എന്നിവരുടെ ഫീസ് ചെലവു സർക്കാരാണ് വഹിക്കുന്നത്. ഫീസ് ഈടാക്കുന്ന വിഭാഗത്തിലെ കുട്ടികൾ വിജയകരമായി പഠനം പൂർത്തിയാക്കിയാൽ ഫീസിൽ നിന്നും 25% കിഴിവ് നൽകുന്നതാണ്.<br>ബജറ്റിൽ, പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നാണ് അസാപ്പിന്റെ മുഴുവൻ പ്രവർത്തനങ്ങളും നടപ്പാക്കുന്നത്. ഇതിൽ ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ ധനസഹായവും സംസ്ഥാന സർക്കാരിന്റെ ധനസഹായവും അടങ്ങിയിരിക്കുന്നു. |
| (സി) | ഈ പദ്ധതിയുടെ കീഴിൽ വിവിധ കോഴ്സുകൾ പൂർത്തിയാക്കിയവർക്ക് ലഭിച്ചിട്ടുള്ള തൊഴിലവസരങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; | (സി) | അസാപ് പരിശീലനം കഴിഞ്ഞ് ഇറങ്ങിയ ആദ്യ വർഷത്തെ കുട്ടികൾക്കിടയിൽ നടത്തിയ സർവ്വേ (Tracer Study) പ്രകാരം കോളേജ് വിദ്യാർത്ഥികളിൽ 7.2% പേർക്കും ഹയർസെക്കൻഡറി വിദ്യാർത്ഥികളിൽ 3.2% പേർക്കും ജോലി ലഭിച്ചിട്ടുണ്ട്. തൊഴിലവസരങ്ങൾ ലഭ്യമാണെങ്കിലും ഉപരിപഠനം, അവരവരുടെ സ്വന്തം സ്ഥലങ്ങൾക്ക് പുറത്തുള്ള തൊഴിൽ അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നതിലുള്ള വിമുഖത, പെൺകുട്ടികളുടെ വിവാഹം കഴിയുന്നത്, മത്സര പരീക്ഷയ്ക്ക് തയ്യാറെടുക്കൽ എന്നീ കാരണങ്ങൾ കൊണ്ട് പരിശീലനം പൂർത്തിയാക്കി പുറത്തിറങ്ങിയാൽ ഉടനെ ജോലി സ്വീകരിക്കാൻ കുട്ടികൾക്ക് വിമുഖത |

| | | | |
|---|---|---|---|
| | | | ഉള്ളതായി സർവ്വേ പ്രകാരം വെളിവാക്കപ്പെട്ടിട്ടുണ്ട്. |
| (ഡി) | പദ്ധതി എത്ര മാത്രം പ്രയോജന പ്രദമെന്ന് വിശദ പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | വിശദ പഠനം നടത്തിയിട്ടില്ല. ആസൂത്രണ ബോർഡിന്റെ വിലയിരുത്തൽ വിഭാഗത്തോട് വിശദ പഠനം നടത്താൻ ആവശ്യപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ